# Athmaraksha.org

നൊവേന

## നിത്യസഹായ മാതാവിനോടുള്ള നൊവേന-Mother Mary



### നിത്യസഹായ മാതാവിനോടുള്ള നൊവേന

പ്രാരംഭഗാനം (നില്‍ക്കുന്നു)

നിത്യസഹായമാതേ, പ്രാര്‍ത്ഥിക്ക
ഞങ്ങള്‍ക്കായ് നീ
നിന്‍മക്കള്‍ ഞങ്ങള്‍ക്കായ് നാഥേ!
പ്രാര്‍ത്ഥിക്ക സ്നേഹനാഥേ!

നീറുന്ന മാനസങ്ങള്‍
ആയിരമായിരങ്ങള്‍
കണ്ണീരിന്റെ താഴ്‌വരയില്‍
നിന്നിതാ കേഴുന്നമ്മേ

കേള്‍ക്കണേ രോദനങ്ങള്‍
നല്‍കണേ നല്‍വരങ്ങള്‍
നിന്‍ ദിവ്യസൂനുവിങ്കല്‍
ചേര്‍ക്കണേ മക്കളേ നീ

പ്രാരംഭപ്രാര്‍ത്ഥന (മുട്ടുകുത്തുന്നു)

വൈദികന്‍: ഏറ്റം പരിശുദ്ധയും അമലോത്ഭവകന്യകയും ഞങ്ങളുടെ മാതാവുമായ മറിയമേ, നീ ഞങ്ങളുടെ നിത്യസഹായവും അഭയസ്ഥാനവും, പ്രതീക്ഷയുമാകുന്നു.

ജനങ്ങള്‍: ഞങ്ങള്‍ ഇന്നു അങ്ങേ സന്നിധിയില്‍ അണഞ്ഞിരിക്കുന്നു. അങ്ങു ഞങ്ങള്‍ക്കുവേണ്ടി സമ്പാദിച്ചിരിക്കുന്ന/എല്ലാ നന്മകള്‍ക്കായും/ഞങ്ങള്‍ ദൈവത്തിനു കൃതജ്ഞതയര്‍പ്പിക്കുന്നു. നിത്യസഹായമാതാവേ

/ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. നിരന്തരം അങ്ങേ തിരുക്കുമാരന് ശുശ്രൂഷ ചെയ്തുകൊണ്ടും/ ഞങ്ങളുടെ ശക്തിക്കനുസൃതമായി മറ്റുള്ളവരെ അങ്ങേ പുത്രന്റെ സന്നിധിയിലേക്കാനയിച്ചുകൊണ്ടും അങ്ങയുടെ നേർക്കുള്ള സ്നേഹം ഞങ്ങൾ പ്രകടിപ്പിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നു.

വൈദികൻ: ദൈവസന്നിധിയിൽ ശക്തിയുള്ള നിത്യസഹായമാതാവേ, ഈ നൻമകൾ ഞങ്ങൾക്കായി നീ വാങ്ങിത്തരണമേ

ജനങ്ങൾ: പ്രലോഭനങ്ങളാൽ വിജയം വരിക്കുന്നതിനുള്ള ശക്തിയും/ ഈശോമിശിഹായോടുള്ള പരിപൂർണ്ണ സ്നേഹവും നന്മരണവും വഴി/അങ്ങയോടും അങ്ങേ തിരുക്കുമാരനോടും കൂടെ/നിത്യമായി ജീവിക്കുന്നതിനും ഞങ്ങൾക്കിടയാകട്ടെ.

വൈദികൻ: നിത്യസഹായ മാതാവേ!
ജനങ്ങൾ: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!

## സമൂഹപ്രാർത്ഥന

വൈദികൻ: മിശിഹാ കർത്താവേ, അങ്ങേ മാതാവായ മറിയത്തിന്റെ അപേക്ഷയാൽ കാനായിൽവച്ച് അങ്ങു വെള്ളം വീഞ്ഞാക്കിയല്ലോ, ഇപ്പോൾ നിത്യസഹായ മാതാവിനെ വണങ്ങുന്നതിനായി ഇവിടെ സമ്മേളിച്ചിരിക്കുന്ന ഈ ദൈവജനത്തെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ആവശ്യങ്ങൾ അങ്ങു സാധിച്ചുതരികയും ഞങ്ങളുടെ ആത്മാർത്ഥമായ കൃതജ്ഞത അങ്ങു സ്വീകരിക്കുകയും ചെയ്യണമേ.

ജനങ്ങൾ: ഓ, നിത്യസഹായ മാതാവേ/ ഞങ്ങൾ ശക്തിയേറിയ അങ്ങയുടെ തിരുനാമം വിളിച്ചപേക്ഷിക്കുന്നു. അങ്ങു ജീവിക്കുന്നവരെ പാലിക്കുന്നവളും മരിക്കുന്നവരെ രക്ഷിക്കുന്നവളുമാകുന്നല്ലോ! അങ്ങയുടെ നാമം എപ്പോഴും/ പ്രത്യേകിച്ചു പരീക്ഷകളിലും മരണസമയത്തും/ ഞങ്ങളുടെ അധരങ്ങളിൽ ഉണ്ടായിരിക്കും. അങ്ങയുടെ നാമം ഞങ്ങൾക്ക് ശക്തിയും ശരണവുമാകുന്നു. അനുഗൃഹീതയായ നാഥേ/, ഞങ്ങൾ അങ്ങയെ വിളിക്കുമ്പോഴെല്ലാം ഞങ്ങളെ സഹായിക്കണമേ, അങ്ങയുടെ നാമം ഉച്ചരിക്കുന്നതുകൊണ്ടുമാത്രം/ഞങ്ങൾ തൃപ്തരാകുകയില്ല. അങ്ങു യഥാർത്ഥത്തിൽ ഞങ്ങളുടെ നിത്യസഹായമാതാവാകുന്നുവെന്ന് അനുദിനജീവിതത്തിൽ ഞങ്ങൾ പ്രഖ്യാപനം ചെയ്യുന്നതാണ്.

വൈദികൻ: സകലവിധ ആവശ്യങ്ങൾക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ജനങ്ങൾ: ഓ, നിത്യസഹായ മാതാവേ, ഏറ്റം വലിയ ശരണത്തോടെ/ഞങ്ങളങ്ങയെ വണങ്ങുന്നു. ഞങ്ങളുടെ അനുദിനജീവിതത്തിലെ ബുദ്ധിമുട്ടുകളിൽ/അവിടുത്തെ സഹായം ഞങ്ങൾ അപേക്ഷിക്കുന്നു. പരീക്ഷകളും ദുരിതങ്ങളും/ ഞങ്ങളെ ക്ലേശിതരാക്കുന്നു. പ്രതികൂലസാഹചര്യങ്ങളും/വേദനാജനകമായ പോരായ്മകളും/ഞങ്ങളുടെ ജീവിതത്തെ ശോകാവൃതമാക്കുന്നു. എല്ലായിടത്തും ഞങ്ങൾ കുരിശിനെയാണഭിമുഖീകരിക്കുന്നത്. കരുണാർദ്രയായ മാതാവേ, ഞങ്ങളിൽ കനിയണമേ. ഞങ്ങളുടെ സങ്കടങ്ങളിൽനിന്നു ഞങ്ങളെ മോചിപ്പിക്കണമേ. തുടർന്നു സഹിക്കുവാനാണ് ദൈവതിരുമനസ്സെങ്കിൽ/അവ സന്തോഷത്തോടും ക്ഷമയോടുംകൂടി/സ്വീകരിക്കുവാനുള്ള ശക്തി ഞങ്ങൾക്കു നൽകണമേ. ഓ, നിത്യസഹായ മാതോവ ഈ വരങ്ങളൊക്കെയും/ഞങ്ങളുടെ നൻമകളിൽ ആശ്രയിക്കാതെ/ അങ്ങയുടെ സ്നേഹത്തിലും ശക്തിയിലും ശരണംവെച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു.

അർത്ഥനകളുടെയും കൃതജ്ഞതാർപ്പണങ്ങളുടെയും വായന (ഇരിക്കുന്നു)

അപേക്ഷകൾ (മുട്ടുകുത്തുന്നു)

വൈദികൻ: നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളുടെ പരിശുദ്ധ പിതാവ് (പേര്) മാർപ്പാപ്പയ്ക്കും ഞങ്ങളുടെ മെത്രാൻമാർക്കും, വൈദികർക്കും ഞങ്ങളുടെ രാജ്യത്തിലെ എല്ലാ നേതാക്കൻമാർക്കും ജനങ്ങൾക്കും വിജ്ഞാനവും വിവേകവും നൽകണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

വൈദികൻ: എല്ലാ മനുഷ്യരും സാമൂഹികസമാധാനത്തിലും മതൈക്യത്തിലും സഹോദരനെപ്പോലെ ജീവിക്കുന്നതിനുള്ള അനുഗ്രഹം നൽകണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വൈദികൻ: ഈ നവനാളിൽ സംബന്ധിക്കുന്ന യുവതീയുവാക്കൻമാർക്കു പിരശുദ്ധാത്മപിയുടെ സഹായത്താൽ തങ്ങളുടെ ജീവിതാന്തസ്സു തെരഞ്ഞെടുക്കാനുള്ള അനുഗ്രഹം നൽകണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വൈദികൻ: എല്ലാ മനുഷ്യരും സാമൂഹികസമാധാനത്തിലും മതൈക്യത്തിലും സഹോദരനെപ്പോലെ ജീവിക്കുന്നതിനുള്ള അനുഗ്രഹം നൽകണമേ.

ജനങ്ങൾ: കർത്താവേ ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വൈദികൻ: ഈ നവനാളിൽ സംബന്ധിക്കുന്ന എല്ലാവരും അങ്ങേ തിരുമനസ്സിനൊത്തവണ്ണം തങ്ങളുടെ ആരോഗ്യം പരിരക്ഷിക്കുന്നതിനും രോഗികൾ അവരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനുമുള്ള അനുഗ്രഹം നൽകണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വൈദികൻ: ഞങ്ങളുടെ ഇടയിൽനിന്നും വേർപിരിഞ്ഞുപോയ നവനാൾഭക്തർക്കും എല്ലാ മരിച്ച വിശ്വാസികൾക്കും നിത്യവിശ്രമം നൽകണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വൈദികൻ: ഈ നവനാളിന്റെയും ഇവിടെ സന്നിഹിതരായിട്ടുള്ള എല്ലാവരുടെയും പ്രത്യേക നിയോഗങ്ങൾക്കു മാർഗ്ഗനിർദ്ദേശവും സഹായവും നൽകണമേ.

ജനങ്ങൾ: കർത്താവ്, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വൈദികൻ: മൗനമായി നമ്മുടെ വ്യക്തിപരമായ അർത്ഥനകൾ നിത്യസഹായമാതാവിനോടൊപ്പം ഈശോയ്ക്ക് സമർപ്പിക്കാം. (നിശ്ശബ്ദം)

## കൃതജ്ഞതാർപ്പണം

വൈദികൻ: പ്രസാദവരത്തിന്റെ നവജീവൻ ഞങ്ങൾക്കു നൽകിയിരിക്കുന്നതിനാൽ കർത്താവേ, അങ്ങു ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

വൈദികൻ: സഭയുടെ കൗദാശികജീവിതത്തിൽ നിന്നു ഞങ്ങൾക്കു ലഭിക്കുന്ന എല്ലാ നൻമകൾക്കുംവേണ്ടി കർത്താവേ, അങ്ങ് ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു.

വൈദികൻ: ഞങ്ങളുടെ നവനാൾകുടുംബത്തിനു നൽകിയിരിക്കുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങൾക്കുംവേണ്ടി കർത്താവേ, അങ്ങ് ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു.

വൈദികൻ: സന്തോഷകരവും സമാധാനപൂർണ്ണവുമായ കുടുംബജീവിതം ഞങ്ങൾക്കു തന്നനുഗ്രഹിക്കുന്നതിനെയോർത്ത് കർത്താവേ, അങ്ങ് ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം/ അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു.

വൈദികൻ: നമുക്കു ലഭിച്ച എല്ലാ ഉപകാരങ്ങൾക്കും വേണ്ടി നിത്യസഹായ മാതാവിനോടൊപ്പം ഈശോയ്ക്ക് കൃതജ്ഞതയർപ്പിക്കാം. (നിശബ്ദം)

ഗാനം (എഴുന്നേൽക്കുന്നു)

മറിയമേ, നിന്റെ ചിത്രത്തിൽ നിന്നാ
നേത്രങ്ങൾ കൊണ്ട് നോക്കുക.
നിൻപാദേ ഇതാ നിൻമക്കൾ വന്നു
നിൽക്കുന്നു. അമ്മേ, കാണുക

മാധുര്യമേറും നിൻനേത്രങ്ങൾ ഹാ!
ശോകപൂർണ്ണങ്ങളാണല്ലോ.
ആ നിന്റെ തിരുനേത്രങ്ങൾകൊണ്ടു
നോക്കുക. മക്കൾ ഞങ്ങളെ

നിൻ കരതാരിൽ മേവും നിന്നുണ്ണി
യേശു മഹേശനംബികേ
നിൻ മഹാ ദു:ഖസന്തോഷഹേതു
നിർമ്മലേ എന്നും നിർമ്മലേ

നിന്നുടെ ആനന്ദത്തിൻ പാരമ്യം
നീ മാത്രം അമ്മേ അറിയുന്നു
നിന്നുടെ സന്താപത്തിന്നാഴവും
നീ മാത്രം അമ്മേ അറിയുന്നു

വി.ഗ്രന്ഥപാരായണം-പ്രസംഗം (ഇരിക്കുന്നു)

രോഗികൾക്ക് ആശിർവ്വാദം (മുട്ടുകുത്തുന്നു)
വൈദികൻ: നമുക്കു പ്രാർത്ഥിക്കാം.
ജനങ്ങൾ: കർത്താവേ./ ശാരീരികവും മാനസികവുമായ അസ്വാസ്ഥ്യംമൂലം ക്ലേശിക്കുന്ന അങ്ങയുടെ ദാസരെ/തൃക്കൺപാർക്കണമേ. അങ്ങു സൃഷ്ടിച്ച ഞങ്ങൾക്ക് /ശക്തിയും ജീവനും നൽകണമേ. അങ്ങനെ സഹനംവഴി/ഞങ്ങൾ പവിത്രീകൃതരാവുകയും /ശുദ്ധരാക്കപ്പെടുകയും /അങ്ങയുടെ കാരുണ്യത്താൽ /ഞങ്ങൾ അതിവേഗം രോഗവിമുക്തരാവുകയും ചെയ്യട്ടെ. ഈ അപേക്ഷകളെല്ലാം കർത്താവിശോമിശിഹാവഴി /ഞങ്ങൾക്കുതന്നരുളേണമേ. ആമേൻ

വൈദികൻ: (ജനങ്ങളുടെ നേരെ കൈ ഉയർത്തിക്കൊണ്ട്)
നിങ്ങളെ സംരക്ഷിക്കുവാൻ കർത്താവീശോമിശിഹാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. നിങ്ങളെ പരിപാലിക്കുവാൻ അവിടുന്നു നിങ്ങളിൽ വസിക്കട്ടെ. നിങ്ങളെ നയിക്കുവാൻ അവിടുന്ന് നിങ്ങളുടെ മുമ്പിലും, നിങ്ങളെ സൗഖ്യം നൽകി

പരരിക്ഷിക്കുവാൻ നിങ്ങളുടെ പിമ്പിലും, നിങ്ങളെ അനുഗ്രഹിക്കുവാൻ നിങ്ങളുടെ മുകളിലും ഉണ്ടായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

ജനങ്ങൾ: ആമ്മേൻ

മറിയത്തിന്റെ സ്തോത്രഗീതം (നിൽക്കുന്നു)

വൈദികൻ: മറിയത്തിനോടൊപ്പം നമുക്കും ദൈവത്തെ സ്തുതിക്കാം.

ജനങ്ങൾ: എന്റെ ആത്മാവ്/ കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ/ ദൈവത്തിൽ ആനന്ദിക്കുന്നു.അവിടുന്നു/ തന്റെ ദാസിയുടെ / താഴ്മയെ കടാക്ഷിച്ചു ഇപ്പോൾമുതൽ/ സകലതലമുറകളും/ എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ/ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. / അവിടുത്തെ നാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ / തലമുറകൾ തോറും / അവിടുന്നു കരുണവർഷിക്കും. അവിടുന്നു തന്റെ ഭുജംകൊണ്ട് / ശക്തി പ്രകടിപ്പിച്ചു, / ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തമൻമാരെ/ സിംഹാസനത്തിൽനിന്ന് മറിച്ചിട്ടു. / എളിയവരെ ഉയർത്തി. വിശക്കുന്നുവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ടു/ സംതൃപ്തരാക്കി, / സമ്പന്നരെ/ വെറുംകൈയോടെ പറഞ്ഞയച്ചു. തന്റെ കാരുണ്യം / അനുസ്മരിച്ചുകൊണ്ട് / അവിടുത്തെ തന്റെ ദാസനായ / ഇസ്രായേലിനെ സഹായിച്ചു. നമ്മുടെ പിതാക്കൻമാരായ / അബ്രാഹത്തോടും അവന്റെ സന്തതികളോടും / എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചുതന്നെ.
(ലൂക്ക 1:46-55).

മരിയസ്തുതി

വൈദികൻ: എല്ലാ തലമുറകളോട് ചേർന്നുകൊണ്ടു നമുക്കു മറിയത്തെ പ്രകീർത്തിക്കുകയും അവിടത്തെ ശക്തിയേറിയ സംരക്ഷണത്തിൽ നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം.

ജനങ്ങൾ: നൻമനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ/ സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു/ അങ്ങയുടെ ഉദരത്തിൽ / ഫലമായ ഈശോ / അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി / ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ.

വൈദികൻ: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ

ജനങ്ങൾ: സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വൈദികൻ: നമുക്കു പ്രാർത്ഥിക്കാം.
കർത്താവീശോയേ, അങ്ങയുടെ മാതാവായ മറിയത്തെ എപ്പോഴും സഹായമരുളുവാൻ സന്നദ്ധതയുള്ള അമ്മയായി അങ്ങു ഞങ്ങൾക്കു നൽകിയല്ലോ. ആ അമ്മയുടെ അത്ഭുതചിത്രം വണങ്ങുകയും അവളുടെ മാതൃസഹായം ഉത്സാഹപൂർവ്വം തേടുകയും ചെയ്യുന്ന ഞങ്ങൾ അങ്ങയുടെ പരിത്രാണത്തിന്റെ ഫലംഎന്നുമനുഭവിക്കാൻ ഇടയാക്കണമെന്ന് നിത്യമായ ജീവിക്കുകയും ചെയ്യുന്ന അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ജനങ്ങൾ: ആമ്മേൻ

ഗാനം

മറിയമേ നിന്റെ നിത്യസഹായം
തേടുന്നു ഞങ്ങളമ്മേ
മക്കളെന്നോർത്തു നീ, ഞങ്ങൾതൻ

പ്രാർത്ഥന ഒക്കെയും കേൾക്കണമെ!

ഭാഗ്യവിഹീനരെ നിത്യവും കാത്തിടാൻ
കെൽപ്പെഴും താങ്ങായ നിന്നെ
നിൻപുത്രൻ ഏൽപ്പിച്ച ഭാരമേറ്റ നീ
ഞങ്ങളെ കാത്തീടണേ

നിത്യസഹായം നീ എന്നുള്ള ബോധമീ
ഞങ്ങളിലാഴമായി
വളരുവാൻ നല്ലൊരു വരമിന്നുനൽകണേ
നിൻ മക്കൾ കേഴുന്നിതാ..

പരിശുദ്ധകുർബാനയുടെ ആശീർവ്വാദം

ഗാനം

ഭക്ത്യാവണങ്ങുക സാഷ്ടാംഗം വീണു നാം
ഏറ്റം മഹത്താമീ കൂദാശയെ
നവ്യനിയമത്തിൻ കർമ്മങ്ങൾ വന്നല്ലോ
പൂർവികം സാദരം മാറിനിൽക്കു
ഇന്ദ്രിയങ്ങൾക്കെഴും പോരായ്മയൊക്കെയും
തീർക്കുക വിശ്വാസ ദിവ്യദീപ്തി
ദൈവപിതാവിനും തന്നേകജാതനും
സ്തോത്രമുണ്ടാകണമെന്നുമെന്നും

പാവനാത്മാവിനും അവ്വിധം നിസ്തുല
സ്തോത്രമുണ്ടാകണം നിത്യകാലം
സ്വസ്തിയും കീർത്തിയും ശക്തിയുമാർന്നെന്നും
വാഴുക ത്രിതൈ്വക ദൈവം.  ആമേൻ

വൈദികൻ: നമുക്കു പ്രാർത്ഥിക്കാം

ദൈവമേ, അങ്ങേ തിരുക്കുമാരന്റെ പീഡാനുഭവത്തിന്റെ സ്മാരകമായി വിസ്മയാവഹമായ ഈ കൂദാശ ഞങ്ങൾക്കു നൽകിയല്ലോ. അവിടുത്തെ പരിത്രാണത്തിന്റെ ഫലം ഞങ്ങൾ നിരന്തരം അനുഭവിക്കുമാറ് അവിടുത്തെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും ദിവ്യരഹസ്യങ്ങൾ എന്നും വണങ്ങുവാൻ അനുഗ്രഹം അരുളണമേ എന്ന്, നിത്യമായ ജീവിച്ചുവാഴുന്ന അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ജനങ്ങൾ: ആമ്മേൻ

ഗാനം

സ്വർഗ്ഗത്തിൽ നിന്നാഗതമാം
ജീവൻ നൽകുമൊരപ്പം നീ
മർത്യനു മുക്തി പകർന്നരുളും
നിത്യമഹോന്നതമപ്പം നീ,

മാനവരേ, മോദമൊടേ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ.
ദൈവത്തിൽ പരിപാവനമാം
സന്നിധി ചേർന്നു വണങ്ങീടുവിൻ...സ്വർഗ്ഗത്തിൽ...

ദിവ്യശരീരം മാനവനായ്
നൽകിയ നാഥനെ വാഴ്ത്തിടുവിൻ
ദിവ്യനിണത്താൽപ്പാപികളെ
നേടിയ നാഥനെ വാഴ്ത്തിടുവിൻ...സ്വർഗ്ഗത്തിൽ...

വൈദികൻ: പരിശുദ്ധ ശരീരത്താലും
വിലയേറിയ രക്തത്താലും
പാപത്തിൻ കറകളിൽ നിന്നും
മർത്ത്യനു നീ മോചനമേകി

ജനങ്ങൾ: സകലേശാ ദിവ്യകടാക്ഷം
ഉകണമേ വത്സലസുതരിൽ
നിർമ്മലരായ് ജീവിച്ചിടുവാൻ
ചിന്തണമേ ദിവ്യവരങ്ങൾ

ദൈവത്തെ വാഴ്ത്തിടുവിൻ
ദൈവത്തെ വാഴ്ത്തിടുവിൻ
ദൈവനാമം വാഴ്ത്തിടുവിൻ
ദൈവവും മനുജനുമാം
മിശിഹാനാഥനെ വാഴ്ത്തിടുവിൻ
മിശിഹാതൻ പൂജിതമാം
തിരുനാമം വാഴ്ത്തിടുവിൻ
സ്നേഹത്തിൻ ഉറവിടമാം
തിരുഹൃദയം വാഴ്ത്തിടുവിൻ
പീഠത്തിൽ വാണരുളും
മിശിഹായെ വാഴ്ത്തിടുവിൻ
രക്ഷകനാം മിശിഹാതൻ
ദിവ്യനിണം വാഴ്ത്തിടുവിൻ
വരനിരയാലൊളിവിതറും
ദൈവത്മാവിനെ വാഴ്ത്തിടുവിൻ
ദൈവത്തിൻ മാതാവാം
കന്യാമേരിയെ വാഴ്ത്തിടുവിൻ
മറിയത്തിൻ നിർമ്മലമാം
ഉത്ഭവം വാഴ്ത്തിടുവിൻ
സ്വർഗ്ഗാരോപിത മാതാവിൻ
തിരുനാമം വാഴ്ത്തിടുവിൻ
സിദ്ധരിലും ദൂതരിലും
ദൈവത്തെ വാഴ്ത്തിടുവിൻ

## സമാപനസ്തോത്രം

വാനവദൂതർതൻ മണിനാദമിതാ
കേൾക്കുന്നു പാടീടാം മേരിതൻ സ്തോത്രം
ആവേ, ആവേ,ആവേ മരിയ
ആവേ, ആവേ,ആവേ മരിയ
മാമകഹൃത്തിതാ നിൻ സ്വന്തമമ്മേ
ഓ, മേരി,നിർമ്മലേ തൃക്കൺപാർക്കണേ
ആവേ, ആവേ,ആവേ മരിയ
ആവേ, ആവേ,ആവേ മരിയ

+++